17575
11/12/15

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - അരുവിക്കര വില്ലേജിലെ മുണ്ടേല, മാവുക്കോണം ലക്ഷം വീട് കോളനിയിൽ ശ്രീമതി. ശ്രീദേവിക്കും അഞ്ച് മക്കൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം: **658/15**/റവ. തിരുവനന്തപുരം, തീയതി, **9/12/2015**

---

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ അരുവിക്കര വില്ലേജിൽ മുണ്ടേല, മാവുക്കോണം ലക്ഷം വീട് കോളനിയിൽ ഒരകന്ന ബന്ധുവിൻെറ വീട്ടിൽ താമസിക്കുന്നതും ഭർത്താവ് മരണപ്പെട്ടതും മറ്റാശ്രിതർ ഇല്ലാത്തതും സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതുമായ ശ്രീമതി. ശ്രീദേവിക്കും അഞ്ച് മക്കൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്ത് വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വിശ്വാസ് മേത്ത**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.